# ഗിരിജ്യോതി

Volume 3, Issue 1

18 February 2013

## ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റി
### മരിയാപുരം, ഇടുക്കി







നമ്മുടെ സൊസൈറ്റി രൂപീകൃതമായിട്ട് ഫെബ്രുവരി 26-ാം തിയതി 10 വർഷം പൂർത്തിയാകുകയാണ്. നാളിതുവരെ വ്യത്യസ്ത തലങ്ങളിലായി അനേകം വ്യക്തികൾക്ക് സഹായഹസ്തം നീട്ടിക്കൊടുക്കുന്നതിനും, ഇടുക്കിയുടെ സുസ്ഥിര വികസന സ്വപ്നങ്ങൾക്ക് വഴികാട്ടിയാകുന്നതിനും സൊസൈറ്റിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കുടുംബങ്ങളുടെ സാമ്പത്തിക സുസ്ഥിരതയും, വ്യക്തിബന്ധങ്ങളുടെ ഊഷ്മളതയും വർദ്ധിപ്പിയ്ക്കുന്നതിന് സഹായിച്ച ക്രെഡിറ്റ് യൂണിയൻ സംഘങ്ങളും, കാർഷിക മേഖലയുടെ പുരോഗതിയ്ക്കും, പ്രകൃതി വിഭവങ്ങളുടെ പരിപോഷണത്തിനും വേണ്ടി നടപ്പിലാക്കിയ പദ്ധതികളും, ആദിവാസി ക്ഷേമ പ്രവർത്തനങ്ങളും - ഭവനനിർമ്മാണ, സാധു കുടുംബ സമുദ്ധാരണ പരിപാടികളും, ബയോഗ്യാസ് പ്ലാൻറ്, സൗരോർജ്ജ വിളക്കുകൾ ഇവയുടെ വ്യാപനവും സൊസൈറ്റിയുടെ അഭിമാനകരമായ നേട്ടമായി കരുതുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളും, ജീവകാരുണ്യ പ്രവർത്തനവും ശാരീരിക മാനസിക ന്യൂനതയുള്ളവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളും ഭക്ഷ്യസുരക്ഷാപദ്ധതികളും എടുത്തുപറയേണ്ടവ തന്നെ. ജൈവ വള നിർമ്മാണകേന്ദ്രം, വിപണനകേന്ദ്രം, മുയൽമാംസ സംസ്ക്കരണകേന്ദ്രം, ഗിരിജ്യോതി ഗ്രീന്മാർട്ട് ഇവയെല്ലാം സൊസൈറ്റിയുടെ വലിയ സേവന കേന്ദ്രങ്ങളാണ്. ഭൂപ്രശ്ന പരിഹാരയജ്ഞങ്ങളിൽ ഹൈറേഞ്ച് സംരക്ഷണ സമിതിയോട് ചേർന്ന് നിന്ന് വലിയ പ്രവർത്തനങ്ങൾ സൊസൈറ്റി നടത്തിക്കൊണ്ടിരിയ്ക്കുന്നു

നബാർഡ്, NMDFC Human Right Commission, Social Welfare Board, District Planning Board, ജലനിധി, MSME, Spices Board, Coffe Board, NHB, KVIC, NEAC തുടങ്ങി വിവിധ സർക്കാർ ഏജൻസികൾ, കാരിത്താസ് ഇൻഡ്യ, സേവ് എ ഫാമിലി, CRS, IGSS ഇട്ടലിയൻ ബിഷപ് കോൺഫറൺസ്, Habitat, FVTRS, SMCA,- Kuwait, IAK, Lilliane Foundation , Rascob Foundation തുടങ്ങി മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവയുമായി സഹകരിച്ച് നിരവധി പരിപാടികൾ ഏറ്റെടുക്കുവാൻ സൊസൈറ്റിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ജലനിധി, നീർത്തടവികസന പദ്ധതി, അഗ്രോ സർവീസ് സെൻറർ, പോളീഹൗസ് കൃഷി തുടങ്ങിയ പദ്ധതികൾ നിലവിൽ നടന്നുകൊണ്ടിരിയ്ക്കുന്നു.

ഈ ധന്യ വേളയിൽ സൊസൈറ്റിയുടെ രക്ഷാധികാരിയായ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിനെയും, ആദ്യത്തെ പ്രസിഡൻറായ റവ.ഡോ.തോമസ് പെരിയപുറത്തിനെയും, ഇപ്പോഴത്തെ പ്രസിഡൻറ് വെരി.റവ.മോൺ.മാത്യു തൊട്ടിയിലിനെയും, സ്ഥപക ഡയറക്ടർ വെരി.റവ.ഫാ.ഫ്രാൻസിസ് ഇടവക്കണ്ടത്തിലിനെയും , ബോർഡ് മെബേഴ്സ്, സെൻ ട്രൽ കമ്മേറ്റി അംഗങ്ങൾ, സ്റ്റാഫ്, മുൻ സ്റ്റാഫ് , സി ഡി സി അം ഗങ്ങൾ, റി എ സി അംഗങ്ങൾ, യൂണിറ്റ് ഭാരവാഹികൾ ഉപകാരികൾ ആനിമേറ്റേഴ്സ് തുടങ്ങി എല്ലാവരെയും നന്ദിയോടെ സ്മരിയ്ക്കുന്നു.

**ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ**

## സോളാർ റാന്തൽവിളക്ക് LED ടോർച്ച് നിർമ്മാണ പരിശീലനം

ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റിയും ''ദേശീയ ടെക്നോളജി'' ഒഡിഷ്യയും സംയുക്തമായി സോളാർ റാന്തൽ വിളക്ക് LED ടോർച്ച് എന്നിവ നിർമ്മിക്കാനുള്ള ത്രിദിന പരിശീലനപരിപാടി 2012 ഓഗസ്റ്റ് 9,10,11 തീയതികളിൽ HDS ഓഫീസിൽ വച്ച് നടത്തി. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എപി. ഉസ്മാൻ ഉദ്ഘാടനം ചെയ്തു. പരിശീലനപരിപാടിയിൽ നാരകക്കാനം, രാജമുടി എന്നീ ക്രെഡിറ്റ് യൂണിയനുകളിൽ നിന്നായി 16 അംഗങ്ങൾ പങ്കെടുത്തു. അവരുടെ നേതൃത്വത്തിൽ പുതിയ റാന്തൽ വിളക്കുകളും, LED ടോർച്ചുകളും ആവശ്യാനുസരണം ഉണ്ടാക്കി നൽകുന്നതാണ്.







## ഫാം ഫ്രണ്ട്സ്

കഞ്ഞിക്കുഴി യൂണിറ്റിൽ ഓഗസ്റ്റ് 18–ാം തീയതി ഫാം ഫ്രണ്ട്സ് രൂപീകരിച്ചു.

മാങ്കുളം ഗിരിജ്യോതി ഫാം ഫ്രണ്ട്സിന്റെ പ്രവർത്തന പരിപാടികൾക്കായി HDS 5000/ രൂപ ധനസഹായം നൽകി.



## ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ സമ്മേളനങ്ങൾ

***കല്ലാർകുട്ടി*** :– ക്രെഡിറ്റ് യൂണിയൻ സമ്മേളനം ജൂലൈ 28 ന് നടത്തി. യൂണീറ്റ് ഡയറക്ടർ റവ. ഫാ മാത്യു വിളക്കുമരുതങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സ്വാശ്രയ സംഘം ഭാരവാഹികൾ പങ്കെടുത്തു. രൂപതാ സെക്രട്ടറി ശ്രീ. സിബി മാളിയേക്കൽ, ശ്രീ. മെൽബിൻ സെബാസ്റ്റ്യൻ എന്നിവർ യൂണീറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

***പെരിഞ്ചാംകുട്ടി*** :– ക്രെഡിറ്റ് യൂണിയൻ സമ്മേളനം ജൂലൈ 28 ന് നടത്തി. യൂണീറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് തച്ചുകുന്നേലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ നാച്ചുറൽ റിസോഴ്സ് മാനേജ് മെന്റിനെക്കുറിച്ച് എച്ച്ഡിഎസ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ സ്വാശ്രയ സംഘം ഭാരവാഹികൾക്ക് ക്ലാസുകൾ എടുത്തു. രൂപതാ സെക്രട്ടറി ശ്രീ. സിബി മാളിയേക്കൽ പരിപാടികൾക്ക് നേതൃത്വം നല്കുകയും യൂണീറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

***നാരകക്കാനം*** :– ക്രെഡിറ്റ് യൂണിയൻ സമ്മേളനം ജൂലൈ 21 ന് നടത്തുകയും . സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനവും നല്കുകയും ചെയ്തു. ഓഫിസ് സ്റ്റാഫ് ശ്രീ. മെൽബിൻ സെബാസ്റ്റ്യൻ പരിപാടിയ്ക്ക് നേതൃത്വം നല്കി.

***കഞ്ഞിക്കുഴി*** :– ക്രെഡിറ്റ് യൂണിയൻ വാർഷിക സമ്മേളനം ഓഗസ്റ്റ് മാസം 11–ാം തീയതി നടത്തി. HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സ്വാശ്രയസംഘം ഭാരവാഹികൾ പങ്കെടുത്തു. ഗിരിജ്യോതി ഫാം ഫ്രണ്ട്സ് രൂപീകരണത്തെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അച്ചൻ അംഗങ്ങൾക്ക് ക്ലാസെടുത്തു. രൂപതാ സെക്രട്ടറി ശ്രീ. സിബി മാളിയേക്കൽ യൂണീറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.



## സെൻട്രൽ കമ്മറ്റി

ക്രെഡിറ്റ് യൂണിയന്റെ പ്രവർത്തനങ്ങളെപ്പറ്റി വില യിരുത്തുന്നതിനും നവംബർ മാസം നടത്താൻ ഇരി ക്കുന്ന വാർഷികത്തിന്റെ ക്രമീകരണങ്ങളെപ്പറ്റി തീരുമാനമെടുക്കുന്നതിനും 31/8/2012–ൽ HDS ഓഫീസിൽ വച്ച് സെൻട്രൽ കമ്മറ്റി കൂടി

## ട്രസ്റ്റ് ഏരിയ കമ്മിറ്റി

സൊസൈറ്റിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി TAC മീറ്റിംഗ് 2012 ഓഗസ്റ്റ് 31–ാം തീയതി HDS ന്റെ ഓഫീസിൽ വച്ച് നടത്തുകയുണ്ടായി.

## CDC മീറ്റിംഗ്

2012 – സെപ്റ്റംബർ മാസം 3–ാം തീയതി കരിമ്പൻ ബിഷപ്പ് ഹൗസിൽ വച്ച് CDC മീറ്റിംഗ് നടത്തി. രൂപ താ വികാരി ജനറാൾ മോൺ. മാത്യു തൊട്ടിയിൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ കാരിത്താസ് സ്റ്റേറ്റ് ഓഫീസർ ശ്രീ. കെ.എ. സെബാസ്റ്റ്യൻ സംബ ന്ധിച്ചു.

## Farmers' Club Meeting

കനകക്കുന്ന്, നീലിവയൽ, തങ്കമണി എന്നീ സ്ഥലങ്ങളിലെ Farmers Club members ന് Club ന്റെ പ്രവർത്തനങ്ങളെപ്പറ്റിയും, നടത്തിപ്പിനെക്കു റിച്ചും NABARD ഓഫീസർ ശ്രീ. G.S.Aiyer അതത് ക്ല ബുകൾ സന്ദർശിച്ച് ക്ലാസ്സുകൾ എടുത്തു. **HDS** ഡയ റക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, കോർഡിനേറ്റർ ബ്രദർ ബിബിൻ എന്നിവരും സംബ ന്ധിച്ചു.

## ഹൃദ്രോഗ നിർണ്ണയ ക്യാമ്പ്

ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റിയും ഗിരി ജ്യോതി ക്രെഡിറ്റ് യൂണിയനും, തൊടുപുഴ സെന്റ് മേരീസ് ആശുപത്രിയും സംയുക്തമായി സൗജന്യ ഹൃദ്രോഗ നിർണ്ണയ ക്യാമ്പ് 2012 സെപ്റ്റംബർ 16ന് മുരിക്കാശ്ശേരി സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തുകയുണ്ടായി. ഈ ക്യാമ്പിലൂടെ 275 വ്യക്തികൾക്ക് പരിശോധന നടത്താൻ സാധിച്ചു.



## ലഹരിവരുദ്ധ ബോധവൽക്കരണ ക്ലാസുകൾ



ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റിയും സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യയും സംയുക്ത മായി ജില്ലയിലെ ഹൈസ്കൂൾ ഹയർസെക്കണ്ടറി സ്കൂൾ കുട്ടികൾക്കായി ലഹരി വിരുദ്ധ ബോധവ ത്ക്കരണ ക്ലാസുകൾ നടത്തിവരുന്നു. ക്ലാസു കൾക്ക് റവ.ഫാ ജോൺ ചേനംചിറയിൽ, ബ്ര. ബിബിൻ ഇരട്ടച്ചിറയിൽ എന്നിവർ നേതൃത്വം നൽകുന്നു. വാഴത്തോപ്പ് ഹയർസെക്കണ്ടറി സ്കൂൾ, മുള്ളരിങ്ങാട്, മരിയാപുരം, ഇരട്ടയാർ, പ ണിക്കൻകുടി, വെള്ളയാംകുടി, വാഴത്തോപ്പ്, തുട ങ്ങിയ ഹൈസ്കൂളിലും, കട്ടപ്പന ഓക്സീലിയം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും ക്ലാസുകൾ നട ന്നു.

ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വൈദികർ സിസ്റ്റേഴ്സ്, സംഘടനാ ഭാരവാഹികൾ തുടങ്ങിയവർക്കായി പ്രകൃതി വിഭവ സംരക്ഷണത്തെക്കുറിച്ച് പരിശീലന പരിപാടി നട ത്തി. ഡോ. വി.ആർ. ഹരിദാസ് പരിശീലന പരിപാ ടിയ്ക്ക് നേതൃത്വം നൽകി. അവരുടെ നേതൃത്വ ത്തിൽ EGG (Enviorment Gearing Group) ഒരു റിസോഴ്സ് ടീം രൂപീകരിച്ചു. ക്ലാസുകൾക്ക് ആവശ്യമുള്ളവർ HDS ഓഫീസിമായി ബന്ധപ്പെടുക.

## ബയോഗ്യാസ് പ്ലാന്റ്

ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റി ഖാദി കമ്മീഷനുമായി സഹകരിച്ച് ബയോഗ്യാസ് പ്ലാന്റ് പദ്ധതി നടപ്പിലാക്കുന്നു.ബയോഗ്യാസ് പ്ലാന്റ് പണിയാൻ താൽപര്യമുള്ളവർ HDS ഓഫീസി മായി ബന്ധപ്പെടുക. KVIC യുടെ 8000/– രൂപ സബ്സിഡി ലഭിക്കുന്നതാണ്.



## ഗിരിജ്യോതി ഗ്രീൻമാർട്ട്

HDS ന്റെ ആഭിമുഖ്യത്തിൽ " ഗിരിജ്യോതി ഗ്രീൻ മാർട്ട്" എന്ന പേരിൽ ഒരു വിപണന കേന്ദ്രം 2012 സെപ്റ്റംബർ മാസം 17–ാം തീയതി ഉദ്ഘാടനം ചെയ്തു. നാടൻ ഉത്പന്നങ്ങളായ ഹോംമെയ്ഡ് ചോക്കളേറ്റുകൾ, പച്ചക്കറി, പൂച്ചെടി വിത്തുകൾ, നാടൻ സോപ്പ് ഐറ്റംസ്, മുയൽ, പന്നി, കാട മാംസം, മറയൂർ ശർക്കര, കാട്ടുതേൻ, പുൽതൈലം, ബാംഗ്ലൂർ പൂക്കൾ, ഒയാസിസ്, സോളാർ, റാന്തൽ വിളക്കുകൾ, LED ടോർച്ച്, ജൈവ മുയൽ, കന്നുകാലി തീറ്റകൾ, ഹൈലാന്റ് റ്റീ ഫാക്ടിയുടെ ഉത്പന്നങ്ങൾ, PDS ഓർഗാനിക് സ്പൈസസ്സ്, CFL Lamps എന്നിവ ഗ്രീൻ മാർട്ടിൽ ലഭ്യമാണ്.




## ക്രെഡിറ്റ് യൂണിയൻ ഭാരവാഹികളുടെ സംഗമം

HDS ന് കീഴിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയൻ ഭാരവാഹികളുടെ മീറ്റിംഗ് 22/9/12–ൽ HDS ഓഫീസിൽ വച്ച് നടത്തി. 67 യൂണിറ്റുകളിൽ നിന്ന് 90 അംഗങ്ങൾ സംബന്ധിച്ചു. സംഘങ്ങളുടേയും, യൂണിറ്റിന്റെയും കണക്കുകൾ എപ്രകാരം സൂക്ഷിക്കണം എന്നതിനെപ്പറ്റി ആനിമേറ്റർ ശ്രീമതി കുഞ്ഞമ്മ തോമസ് അംഗങ്ങൾക്ക് ക്ലാസ്സ് എടുത്തു. സംഘങ്ങളുടെ പ്രവർത്തനം എങ്ങനെ കൂടുതൽ കാര്യക്ഷമമാക്കാം, തദ്ദേശഭരണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിച്ച് അവ കൂടുതൽ ഫലപ്രദമാക്കാൻ എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കാം എന്നിവയെപ്പറ്റി ചർച്ചകൾ നടത്തി. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, കോർഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ എന്നിവർ സംബന്ധിച്ചു.



## ഓർഗാനിക് സർട്ടിഫിക്കേഷൻ

ഓർഗാനിക് സർട്ടഫിക്കേഷന്റെ രണ്ടാം വർഷ ഇൻസെപ്ക്ഷൻ സെപ്റ്റംബർ മാസം 1, 2, 3 തീയതികളിൽ നടത്തി. Lacon Agency ൽ നിന്നുള്ള ശ്രീ. സണ്ണി തോമസിന്റെ നേതൃത്വത്തിൽ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ഷിനോജ് ജോസ് HDS- സ്റ്റാഫ് ശ്രീ. എബിൻ തോമസ്, ശ്രീ. ജോബിൻ ജേക്കബ് എന്നിവരുടെ സഹകരണത്തോടെ കർഷകരുടെ കൃഷിയിടങ്ങൾ പരിശോധിച്ചു. 168 കർഷകർക്ക് ഒർഗാനിക്ക് സർട്ടിഫിക്കേഷൻ പ്രോഗ്രാമിന്റെ പ്രയോജനം ലഭിക്കും.




## ക്രെഡിറ്റ് യൂണിയൻ മീറ്റിംഗ്

കീരിത്തോട് യൂണിറ്റിൽ 2012 സെപ്റ്റംബർ 29–ന് മാസ മീറ്റിംഗ് നടത്തി. രൂപതാ സെക്രട്ടറി ശ്രീ. സിബി മാളിയേക്കലിന്റെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ യൂണിറ്റിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തുകയും സൊസൈറ്റിയിൽ പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

## ക്രെഡിറ്റ് യൂണിയൻ വാർഷികം

ഈട്ടിത്തോപ്പ് യൂണിയന്റെ വാർഷികം ഒക്ടോബർ മാസം രണ്ടാം തീയതി യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് വലിയമംഗലത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ വാട്ടർ റിസോഴ്സ് മാനേജ്മെന്റിനെ സംബന്ധിച്ച് ബോധവത്ക്കരണ സെമിനാർ നടത്തി. രൂപതാ സെക്രട്ടറി ശ്രീ. സിബി മാളിയക്കൽ നേതൃത്വം നൽകി.

## ഫാം ഫ്രണ്ട്സ് വാർഷികം

കോഴിമല യൂണിറ്റിൽ ഫാം ഫ്രണ്ട്സ് വാർഷികം 2012 ഒക്ടോബർ 2–ന് നടത്തുകയുണ്ടായി. യൂണിറ്റ് രക്ഷാധികാരി ഫാ. മാർട്ടിൻ പൊൻപനാലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ വാർഷികം ഉദ്ഘാടനം ചെയ്തു. വർദ്ധിച്ചുവരുന്ന തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിൽ ഫാം ഫ്രണ്ട്സ് വഹിക്കുന്ന പങ്കാളിത്വം ഡയറക്ടർ മുക്തകണ്ഠം പ്രശംസിച്ചു.

## മൈക്രോ ഇൻഷുറൻസ് മീറ്റിംഗ്

മൈക്രോ ഇൻഷുറൻസിന്റെ മീറ്റിംഗ് 2012 ഒക്ടോബർ 4–ന് സൊസൈറ്റി ഓഫീസിൽ വച്ച് കൂടുകയുണ്ടായി. മൈക്രോ ഇൻഷുറൻസ് കോട്ടയം ഡിവിഷനൽ മാനേജർ ശ്രീ. ലക്ഷ്മി നാരായണന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ 17 സ്പെസിഫൈഡ് പേഴ്സൺസും പങ്കെടുത്തു.

## പഞ്ചായത്തുതല വികലാംഗമ സംഗമം

ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന “ തീരം” സംഘടനയും രാജാക്കാട് ഗ്രാമപഞ്ചായത്തും സംയുക്തമായി രാജാക്കാട് എസ്.എൻ.ഡി. പി. ഹാളിൽ വച്ച് ഒക്ടോബർ 30–ാം തീയതി നടത്തിയ “ വികലാംഗ സംഗമം” രാജാക്കാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബേബിലാൽ ഉദ്ഘാടനം ചെയ്തു. “ വികലാംഗരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും” എന്ന വിഷയത്തെക്കുറിച്ച് വികലാംഗ കോർപ്പറേഷൻ റീജണൽ ഓഫീസർ, ശ്രീ.വി. വിജയകുമാർ, ഹോപ്പ് ചാരിറ്റബിൾ മാനേജിങ്ങ് ട്രസ്റ്റി. ശ്രീ. കെ.എസ്. ജയമോഹൻ എന്നിവർ ക്ലാസുകളെടുത്തു. HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, തീരം ഡയറക്ടർ റവ. ഫാ. ജോസ് കാവുങ്കൽ, ഓഫീസ് സ്റ്റാഫ് ശ്രീ. ഷിനോജ് ജോസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. 70 അംഗവൈകല്യമുള്ളവർ പരിപാടിയിൽ സംബന്ധിച്ചു.




## ക്ഷയരോഗ നിവാരണ പരിപാടികൾ



കാത്തലിക് ഹെൽത്ത് അസ്സോസിയേഷൻ ഓഫ് ഇൻഡ്യയുടെ ക്ഷയരോഗ നിവാരണ പരിപാടികൾ ജനങ്ങളിലെത്തിക്കുന്നതിനുള്ള ഇടുക്കി ജില്ലയിലെ മാതൃസന്നദ്ധസംഘമായി ഹൈറേഞ്ച് ഡെവലെപ്മെൻറ് സൊസൈറ്റി പ്രവർത്തിക്കുന്നു. കൂടാതെ ജില്ലയിലെ ക്ഷയരോഗ നിവാരണ കേന്ദ്രവുമായി സഹകരിച്ച് ഗ്രാമതലങ്ങളിൽ സംഘടിപ്പിച്ച 12 ബോധവൽക്കരണ പരിപാടികളിൽ 196 പേർ പങ്കെടുത്തു



## ജൈവകർഷക സംഗമം



വിവിധ മേഖലയിൽപ്പെട്ട ജൈവകർഷകരുടെ സംഗമം ഒക്ടോബർ മാസം 15–ാം തീയതി രാവിലെ 10 മണിക്ക് മുരിക്കാശ്ശേരിയിലും ഉച്ചകഴിഞ്ഞ് 2 മണിക്ക് തോപ്രാംകുടിയിലും 16–ാം തീയതി രാവിലെ 10 മണിക്ക് സൊസൈറ്റിയുടെ ഓഫീസിലും വച്ച് നടത്തപ്പെട്ടു. പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുത്തു. ജൈവകൃഷി വ്യാപകമാക്കുന്നതിനെ സംബന്ധിച്ചും ജൈവ ഉൽപന്നങ്ങളുടെ മാർക്കറ്റിംങ്ങിനെക്കുറിച്ചും ചർച്ചകൾ നടത്തുകയും ചെയ്തു.

## കോഴികുഞ്ഞ് വിതരണം

HDS ന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള മുട്ട കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തി. മുളകുവള്ളി, മരിയാപുരംഎന്നീ യൂണിറ്റുകളിലായി 257 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു.

കിളിയാർകണ്ടം, കോഴിമല, മരിയാപുരം, ആന്റോപുരം, രാജമുടി എന്നീ യൂണിറ്റുകളിലായി 565 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു.

കല്ലാർകുട്ടി, മരിയാപുരം, തങ്കമണി യുണിറ്റുകളിലായി 623 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു.

## വേളാങ്കണ്ണി തീർത്ഥാടനം

കിളിയാർകണ്ടം യുണിറ്റ് അംഗങ്ങൾ, യുണിറ്റ് രക്ഷാധികാരി റവ. ഫാ. ജോസഫ് പൗവ്വത്തിന്റെ നേതൃത്വത്തിൽ 21-ാം തീയതി വേളാങ്കണ്ണി തീർത്ഥാടനം നടത്തി.

## ക്രെഡിറ്റ് യൂണിയൻ പ്രവർത്തനം ആരംഭിച്ചു.

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ ഉദയഗിരി ഇടവകയിൽ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇടവക വികാരി റവ.ഫാ. തോമസ് ആനിക്കുഴിക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ 2012 ഒക്ടോബർ 4 -ന് കൂടിയ യോഗത്തിൽ HDS അസി. ഡയറക്ടർ റവ. ഫാ. ജോർജ് കൊല്ലംപറമ്പിൽ സ്വയം സഹായ സംഘങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു. ഓഫീസ് സ്റ്റാഫ് ശ്രീ. സിബി മാളിയേക്കൽ പരിപാടികൾക്ക് നേതൃത്വം നല്കി.



## ഫാം ഫ്രണ്ട്സ് ഉദ്ഘാടനം

കീരിത്തോട് യൂണിറ്റ് ഫാം ഫ്രണ്ട്സിന്റെ ഉദ്ഘാടനം റവ.ഫാ. സെബാസ്റ്റ്യൻ നിർവഹിച്ചു. കീരിത്തോട് രക്ഷാധികാരി റവ. ഫാ. ജോബി ചക്കാങ്കൽ, ശ്രീമതി കുഞ്ഞമ്മ തോമസ് എന്നിവർ പരിപാടിയിൽ സംബന്ധിച്ചു. വർദ്ധിച്ചുവരുന്ന തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിൽ ഫാം ഫ്രണ്ട്സിന്റെ ദൗത്യത്തെക്കുറിച്ച് ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ സംസാരിച്ചു.

## DRI Loan വിതരണം

താഴ്ന്ന വരുമാനമുള്ള കുടുബങ്ങൾക്ക് വരുമാന വർദ്ധനവിനായി ഹൈറേഞ്ച് ഡെവലപമെന്റ് സൊസൈറ്റി, സൗത്ത് ഇൻഡ്യൻ ബാങ്കുമായി ചേർന്ന് പശു, പന്നി എന്നിവയെ വളർത്തുന്നതിനായി പാറത്തോട്, കീരിത്തോട്, മഞ്ഞപ്പാറ, നെടുംകണ്ടം, കഞ്ഞിക്കുഴി, മൈലാടുംപാറ, ചുരുളി, ശാന്തിഗ്രാം, രാജാക്കാട്, പൊട്ടൻകാട്, കാഞ്ചിയാർ, സ്നേഹഗിരി, പണിക്കൻകുടി, പച്ചടി, വെൺമണി, ജോസ്പുരം, ഈട്ടിത്തോപ്പ്, പൊൻമുടി, കരിമ്പൻ, കല്ലാർകുട്ടി എന്നീ യൂണിറ്റുകളിൽപ്പെട്ട 197 അംഗങ്ങൾക്ക് 15000/-രൂപ വീതം DRI ലോൺ നൽകി.

## ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസുകൾ



ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റിയും സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യയും സംയുക്തമായി ജില്ലയിലെ ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂൾ കുട്ടികൾക്കായി ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസുകൾ നടത്തി വരുന്നു. ക്ലാസുകൾക്ക് റവ.ഫാ. ജോൺ ചേനംചിറയിൽ, ബ്ര.ജോയ്സ് കൊച്ചിത്തറ എന്നിവർ നേതൃത്വം നൽകുന്നു. സെന്റ് മേരീസ് ഹൈസ്കൂൾ പൊൻമുടി, കാമാക്ഷി ഗവ. ഹൈസ്കൂൾ, ഗവ. ഹയർസെക്കണ്ടറി വെള്ളത്തൂവൽ, സെന്റ് ജോസഫ് യു.പി.സ്കൂൾ പാണ്ടിപ്പാറ, ഡിപോൾ പബ്ലിക് സ്കൂൾ രാജമുടിയിലും ക്ലാസുകൾ നടന്നു.

## സൗജന്യ ഹൃദ്രോഗ നിർണ്ണയ ക്യാമ്പ്

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയും ഗിരി ജ്യോതി ക്രെഡിറ്റ് യൂണിയനും തൊടുപുഴ സെന്റ് മേരീസ് ആശുപത്രിയും സംയുക്തമായി രാജാക്കാട് നിർമ്മലാ കോളേജിൽവച്ച് 2012 ഒക്ടോബർ 21–ാം തീയതി സൗജന്യ ഹൃദ്രോഗ നിർണ്ണയ ക്യാമ്പ് നടത്തി. ഒക്ടോബർ 21 ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തിയ ക്യാമ്പിൽ 242 അംഗങ്ങൾ സംബന്ധിച്ചു.

## കിളിയാർകണ്ടം യൂണിറ്റ് ക്രിസ്തുമസ് ആഘോഷം

കിളിയാർകണ്ടം യൂണിറ്റിലെ അംഗങ്ങൾ യൂണിറ്റ് രക്ഷാധി കാരി റവ. ഫാ. ജോസഫ് പൗവ്വത്തിന്റെ നേതൃത്വത്തിൽ ''പെരിന്തൊട്ടി സ്നേഹതീരം'' സന്ദർശിക്കുകയും സ്നേഹതീരം അംഗങ്ങളോടൊത്ത് ക്രിസ്തുമസ് ആഘോഷം നടത്തുകയും ചെയ്തു. ആഘോഷ പരിപാടികൾക്ക് സ്നേഹതീരം ഡയറക്ടർ റവ. ഫാ. സാം സ്വാഗതം ആശംസിച്ചു. റവ. ഫാ. ജോസഫ് പൗവ്വത്ത് ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീമതി ആനിയമ്മ കണ്ണൻചിറ ആശംസ അർപ്പിച്ചു. യൂണിറ്റ് അംഗങ്ങൾ സ്നേഹത്തീരത്തിലെ 24 അംഗങ്ങൾക്ക് സമ്മാനങ്ങളും ക്രിസ്തുമസ് കിറ്റുകളും വിതരണം ചെയ്യുകയും സ്നേഹവിരുന്ന് നടത്തുകയും ചെയ്തു. യൂണിറ്റ് സെക്രട്ടറി ശ്രീ. ജോണി ചേലമരത്തിങ്കൽ നന്ദി പറഞ്ഞു.

## ഫാം ഫ്രണ്ട്സ് ഉദ്ഘാടനം

പെരിഞ്ചാംകുട്ടി യുണിറ്റ് ഫാം ഫ്രണ്ട്സിന്റെ ഉദ്ഘാടനം റവ. ഫാ. ജോസഫ് തച്ചുകുന്നേൽ നിർവഹിച്ചു. വർദ്ധിച്ചുവരുന്ന തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിൽ ഫാം ഫ്രണ്ട്സിന്റെ ദൗത്യത്തെക്കുറിച്ച് തൊഴിലാളി ക്ഷാമം പരിപഹരിക്കുന്നതിൽ ഫാം ഫ്രണ്ട് സിന്റെ ദൗത്യത്തെക്കുറിച്ച് ഫാ. ജോസഫ് തച്ചുകുന്നേൽ സംസാരിച്ചു. ക്രെഡിറ്റ് യൂണിയൻ പ്രസിഡന്റും സെക്രട്ടറിയും പരിപാടികൾക്ക് നേതൃത്വം നൽകി.





## ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ വാർഷിക സമ്മേളനം



ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ 10–ാമത് വാർഷിക സമ്മേളനം 2012 നവബർ 10–ാം തീയതി മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് നടത്തപ്പെട്ടു. മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ''ഖരമാലിന്യ സംസ്ക്കരണവും മാലിന്യ ലഘൂകരണവും'' പദ്ധതി ഉദ്ഘാടനം ശ്രീ. എ.പി. ഉസ്മാൻ ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. ശ്രീ. സി.കെ. ബാബു കണ്ണൂർ, ശ്രീ. ബിനു ജോൺ KVIC, ശ്രീ. ജോളി ജോസഫ് മാനേജർ SIB റീജണൽ ഓഫീസ് കോട്ടയം എന്നിവർ മാലിന്യ സംസ്ക്കരണം, പെൻഷൻ പദ്ധതികൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ നയിച്ചു. ശ്രീ. റ്റോമി കെ. തോമസ്, ശ്രീമതി മിനി സാബു, ശ്രീ. ജോയി കൊച്ചുകരോട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെയും ഹൈറേഞ്ച് ഡെവലപമെന്റ് സൊസൈറ്റിയുടെയും ഭാവി പദ്ധതികളെപ്പറ്റി റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ സംസാരിച്ചു.



ഈ സമ്മേളനത്തിൽ വച്ച് കഴിഞ്ഞ 10 വർഷങ്ങളിലായി ക്രെഡിറ്റ് യൂണിയൻ നേതൃസ്ഥാനത്ത് നിസ്വാർത്ഥ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന 10 പേർക്ക് അഭിവന്ദ്യ പിതാവ് മെമന്റോ നൽകി ആദരിച്ചു. ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ബ്രോഷർ പ്രകാശനവും, ഗിരിജ്യോതി ന്യൂസ് ബുള്ളറ്റിൻ പ്രകാശനവും ഈ സമ്മേളനത്തോടനുബന്ധിച്ച് നടത്തി. ഓസ്ട്രേലിയായിൽ നിന്നുള്ള ഒരു കുടുംബം സ്പോൺസർ ചെയ്യുന്ന 2000/–രൂപ സബ്സിഡിയുള്ള 25 തയ്യൽമെഷിന്റെ വിതരണോദ്ഘാടനവും നടത്തപ്പെട്ടു.

## SPED III

പ്രോഗ്രാമിന്റെ ഭാഗമായി മഞ്ഞപ്പാറ സ്കൂളിലെ കുട്ടികൾക്ക് Nature club രൂപീകരിച്ചു. പരിസ്ഥിതിയെക്കുറിച്ച് കുട്ടികൾക്ക് സി. ബിയാ ക്ലാസ്സുകൾ എടുത്തു.

ഹെർബൽ മെഡിസിൻ നിർമ്മാണ പരിശീലന പരിപാടി നെടുങ്കണ്ടത്ത് നടത്തി. ശ്രീമതി അന്നക്കുട്ടി ശൗര്യാമാക്കൽ ക്ലാസ്സുകൾ നയിച്ചു. 35 പേർ പരിശീലന പരിപാടിയിൽ സംബന്ധിച്ചു. ചേമ്പളം അംഗൻവാടിയിലെ കുട്ടികളുടെ അമ്മമാർക്ക് Different Stage of Developments of children എന്ന വിഷയത്തെക്കുറിച്ച് സി. ബിയാ എംഎസ് ക്ലാസ് എടുത്തു.




ചിന്നപ്പച്ചടി, കട്ടക്കാല, ഇല്ലിക്കാനം, ചാരൽമേട് എന്നീ യൂണിറ്റുകളിൽ 50 രൂപാ നിരക്കിൽ 400 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

കൗമാരപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തെക്കുറിച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കുമായി One day awareness പ്രോഗ്രാം നടത്തി. നെടുങ്കണ്ടം മൈനർ സിറ്റിയിൽ വച്ച് നടത്തിയ പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.ഡി തോമസ് ഉദ്ഘാടനം ചെയ്തു. സി. ക്ലാസ്സുകൾക്ക് നേതൃത്വം നൽകി 250 പേർ ക്ലാസ്സിൽ സംബന്ധിച്ചു.


രാമക്കൽമേട്ടിലെ സ്കൂൾകുട്ടികൾക്കായി Waste management നെക്കുറിച്ചും ജൈവവള നിർമ്മാണത്തെക്കുറിച്ചും സി. റോസമ്മ എം.എസ്, സി. ബിയാ സി. ലില്ലി എന്നിവർ ക്ലാസ്സുകൾ എടുത്തു.

ഡിസംബർ 1 മുതൽ 6 വരെ കട്ടപ്പനയിൽ വച്ചു നടന്ന പ്രകൃതി കൃഷിരീതികളെക്കുറിച്ച് ശ്രീ. സുബേഷ് പാലേക്കർ നയിച്ച ക്ലാസ്സിൽ സി. ബിയാ എം.എസ്, സി. ലില്ലി എം.എസ്, എന്നിവർ പങ്കെടുത്തു.

## ജൈവ ഉല്പന്നങ്ങളുടെ മാർക്കറ്റിങ്ങ്

എച്ച്.ഡി.എസിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ജൈവ കൃഷി സർട്ടിഫിക്കേഷൻ രണ്ട് വർഷം പൂർത്തയാക്കിയതിന്റെ സർട്ടിഫിക്കറ്റ് ലഭിച്ചു. രണ്ട് വർഷം പൂർത്തിയാക്കിയ ജൈവ കർഷകരുടെ പ്രധാന ഉൽപ്പന്നങ്ങളായ കുരുമുളക്, ഇഞ്ചി, കൊക്കോ, മഞ്ഞൾ എന്നിവ മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വിലയ്ക്ക് എടുക്കുവാനുള്ള പരിപാടികൾ ആരംഭിച്ചു.

## ലോവർകുളമാവ് കാർഷികമേള



ലോവർകുളമാവ് ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ വാർഷികവും, ക്രെഡിറ്റ് യൂണിയനും, കെ.സി.വൈ.എമ്മും സംയുക്തമായി സംഘടിപ്പിച്ച 3-ാമത് വിള മത്സരവും, പ്രദർശനവും, കർഷക സമ്മേളനവും 2013 ജനുവരി 13 ന് ഞായറാഴ്ച അറക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷാ ഗോപിനാഥിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. മാത്യു തൊട്ടിയിൽ ഉദ്ഘാടനം ചെയ്തു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീ. എം.ടി. തോമസ് മുഖ്യപ്രഭാഷണം നടത്തി. മികച്ച കാർഷിക വിളകൾക്കുള്ള അവാർഡ് ദാനം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീകല ഗോപിയും കർഷക കേസരി അവാർഡ് ആസ്കോ ബാങ്ക് ചെയർമാൻ ശ്രീ. ടോമി വാളികുളവും നിർവ്വഹിച്ചു. പഞ്ചായത്ത് മെമ്പർ ശ്രീ. രാജു ശങ്കരൻ, ശ്രീ. തോമസ്കുട്ടി തച്ചിലേടത്ത് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പരിപാടികൾക്ക് ലോവർ കുളമാവ് വികാരി റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ നേതൃത്വം നൽകി.





## ആശാരികവല നീർത്തടവികസന പദ്ധതി

ഇരട്ടയാർ, നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ പശ്ചിമഘട്ട നീർത്തടവികസന പദ്ധതിയുടെ ഭാഗമായി ഹൈറേഞ്ച് ഡവലപ മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ആശാരിക വല നീർ ത്തട പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലാ സോയിൽ സർവേ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ പ്രോജക്ട് ഏരിയായുടെ അതിർത്തി നിർണയം നടത്തി. പഞ്ചാ യത്തു പ്രസിഡന്റുമാരുടേയും മെമ്പറുമാരുടെയും HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിനീഷ് കെ. സോമൻ കോട്ടൂർ എന്നിവർ നേതൃത്വം നൽകി.

### ഉദ്ഘാടനം






ഇരട്ടയാർ നെടുംകണ്ടം ഗ്രാമപഞ്ചായത്തിലെ പ ശ്ചിമഘട്ട നീർത്തട വികസന പദ്ധതിയുടെ ഭാഗമായി HDS-ന്റെ നേതൃത്വത്തിൽ നടത്തുന്ന ആശാരികവല നീർത്തട പ ദ്ധതിയുടെ ഉദ്ഘാടനം 2013 ജനുവരി 5-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് എഴുകുംവയൽ സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ച് ശ്രീ. കെ.കെ. ജയചന്ദ്രൻ എം.എൽ.എ. നിർവ്വഹിച്ചു. വിവിധ മത, സാമൂഹിക, രാഷ്ട്രീയ നേതാക്കൾ ഉദ്ഘാടനത്തിൽ പ ങ്കെടുത്തു. നെടുംകണ്ടം ഗ്രാമപഞ്ചായത്ത് പ്ര സിഡന്റ് ശ്രീമതി ശ്യാമള വിശ്വനാഥൻ അദ്ധ്യക്ഷയായിരുന്ന സമ്മേളനത്തിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബേബി പ തിപ്പള്ളിൽ മുഖ്യപ്രഭാഷണം നടത്തി. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീമതി സി.കെ. ശാന്തകുമാരി പദ്ധതി വിശദീകരണം നടത്തി. റവ. ഫാ. ഫ്രാൻസീസ് ഇടവകണ്ട ത്തിൽ, ശ്രീ. ടോമി കരിയിലക്കുളം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കെയർമാൻ, മെമ്പർമാരായ ശ്രീമതി ലില്ലിക്കുട്ടി ആന്റണി, ശ്രീമതി അമ്പിളി ജോസഫ്, ശ്രീമതി പ്രീമി ലാലിച്ചൻ, കൃഷി ഓഫീസർ ശ്രീ. മോഹനചന്ദ്രൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പരിപ ാടികൾക്ക് HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, പ്രോജക്ട് കോർഡിനേറ്റർ ശ്രീ.

## ഐഡിയ ഇൻസ്പെക്ഷൻ

നവംബർ 15,16,17 ഡിസംബർ 14, 15 തീയതി കളിലായി കാരിത്താസ് ഇൻഡ്യാ സ്റ്റേറ്റ് ഓഫീസർ ശ്രീ. കെ.എ സെബാസ്റ്റ്യൻ ഓഫീസ് സന്ദർശിക്കു കയും ഐഡിയ പ്രോഗ്രാമിന്റെ കണക്കുകളും ഫയലുകളും ഓഡിറ്റു ചെയ്യുകയും, ഫീൽഡ് സന്ദർശനം നടത്തുകയും ചെയ്തു. ഫാം ഫ്ര ണ്ട്സിന്റെയും ഫാർമേഴ്സ് ക്ലബിന്റെയും പ്രവർത്ത നങ്ങൾ വിലയിരുത്തി. സ്വതർ ഹോം സന്ദർശിച്ചു. ആന്റി ഡ്രഗ്സ് ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി വാഴത്തോപ്പ് സെന്റ് ജോർജ് സ്കൂൾ സന്ദർശിക്കുകയും കുട്ടികളെ കാണുകയും ചെയ്തു.

## സ്വാവലംബൻ പെൻഷൻ സ്കീം

സാധാരണക്കാരായ ആളുകൾക്ക് വാർദ്ധക്യകാലത്ത് പെൻഷൻ ലഭ്യമാക്കാനുള്ള ഭാരത സർക്കാരിന്റെ

സ്വാവലംബൻ പെൻഷൻ പദ്ധതിയിൽ HDS-ന്റെ നേതൃത്വത്തിൽ 220 അംഗങ്ങളെ ചേർത്തു.



## പത്താം വാർഷികത്തിൽ നൂതന പദ്ധതികളുമായി എച്ച് ഡി എസ്.

**അവയവദാനത്തിന്റെ മാഹാത്മ്യം ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷ്യം പേരിൽ എത്തിക്കുക. പതിനായിരം അംഗങ്ങളുടെ സമ്മതപത്രം സമാഹരിക്കുക.**

**സ്വയംപര്യാപ്തത ലക്ഷ്യംവെച്ചുകൊണ്ട് നൂറ് വനിതകൾക്ക് സബ്സിഡി നിരക്കിൽ തയ്യൽ മിഷൻ വിതരണം ചെയ്യുക.**

**വൈദ്യുതിഷാമം രൂക്ഷമായികൊണ്ടിരിക്കുന്ന ഈ ദിനങ്ങളിൽ പ്രകൃതിയുടെ ദാനമായ സൗരോർജത്തിലൂടെ വെളിച്ചം നൽകുക എന്ന ലക്ഷ്യത്തോടെ സബ്സിഡി നിരക്കിൽ ഇരുന്നൂറ്റി അൻമ്പത് കുടുംബങ്ങൾക്ക് സോളാർ ലൈറ്റുകൾ വിതരണം ചെയ്യുക.**







| | MRP | നൽകുന്ന വില |
|---|---|---|
| അമ്മിണി റാന്തൽ വിളക്ക് | 3570 | 3000 |
| ലൈറ്റ്കിംഗ് | 7840 | 5700 |
| ഗിരിജ്യോതി | 2200 | 2000 |
| ടെറാകോട്ട മണ്ണിര കമ്പോസ്റ്റ് ടാങ്ക് | 900 | 750 |





**Highrange Development Society (Idukki Diocesan Social Service Society)**
**(Reg.No:I 231/2003)Mariyapuram, Idukki - 685602**
**Phone: 04862 236568,205565 Web: www.hdsidukki.org**
**Email: hdsidukki@gmail.com**

